കേരള സാഹിത്യ അക്കാദമി
തൃശൂർ
05.02.2018

പത്രക്കുറിപ്പ്

# പ്രവാസം ആവിഷ്കരിക്കുന്നതിൽ മലയാളസാഹിത്യം പിറകിൽ : എം.എം.നാരായണൻ

തൃശൂർ : പ്രവാസത്തിന്റെ സൂക്ഷ്മതലങ്ങൾ ആവിഷ്കരിക്കുന്നതിൽ മലയാളസാഹിത്യം വളരെ പിറകിലാണെന്ന് എം.എം.നാരായണൻ പറഞ്ഞു. വിയോഗത്തിന്റെ ദുരന്തങ്ങളും ആത്മസംഘർഷങ്ങളും പരദുഃഖവും ആവിഷ്കരിക്കുന്നതിലെ പരിമിതികൾ മലയാളത്തിൽ വളരെ വ്യക്തമായി കാണാം. പ്രവാസി സ്വന്തം നാട്ടിലെത്തുമ്പോഴും പരദേശിയായി മാറുന്ന അനുഭവങ്ങളാണ് ഉള്ളത്. സ്വന്തം നാട് ഇല്ലാതാവുന്ന പ്രവാസിയുടെ മനഃസംഘർഷങ്ങളുടെ ആഴം മലയാളസാഹിത്യത്തിൽ കാണാനാവുന്നില്ല. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ 'പ്രവാസം കുടിയിറക്കൽ: നിസ്സഹായതയുടെ കാണാപ്പുറത്തെ സാഹിത്യം' എന്ന സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബുദ്ധന്റേയും ഗാന്ധിയുടേയും നാടായ ഇന്ത്യ അഭയാർത്ഥികളെ അവഹേളിക്കുകയും അപമാനിക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്ന രാജ്യമായി മാറി. അതിർത്തികളിൽനിന്ന് പട്ടാളക്കാർ മുളകുപൊടിയെറിഞ്ഞാണ് അഭയാർത്ഥികളെ ഓടിക്കുന്നത്. അഹിംസയുടേയും കാരുണ്യത്തിന്റേയും നാടാവുന്നതിനുപകരം ഇന്ത്യ വിദ്വേഷത്തിന്റേയും അതിക്രമങ്ങളുടേയും രാജ്യമായി മാറുന്നത് നമുക്കൊരിക്കലും ഭൂഷണമല്ല. മുസഫർ അഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. ഡോ.സി.ഉണ്ണികൃഷ്ണൻ, ഐ.ഷൺമുഖദാസ്, നാരായൻ, ധനഞ്ജയൻ മച്ചിങ്ങൽ, വി.ജി.തമ്പി, എൻ.രാജൻ എന്നിവരും സംസാരിച്ചു.

## പുസ്തകപ്രകാശനം

സാഹിത്യനിരൂപണത്തിൽ സ്വതന്ത്രവും സ്വച്ഛവും നർമമധുരവുമായ സാന്നിദ്ധ്യമായിരുന്നു ആർ. വിശ്വനാഥനെന്ന് എം.എൻ.കാരശ്ശേരി പറഞ്ഞു. ജീവിതത്തേയും മൗനത്തേയും സംസ്കാരത്തേയും കുറിച്ച് സ്വതന്ത്രമായ ആശയങ്ങൾ അദ്ദേഹം മനസ്സിൽ സൂക്ഷിച്ചു. ഇംഗ്ലീഷിന്റെ ആപൽക്കരമായ ആധിപത്യത്തെക്കുറിച്ച് വിശ്വനാഥന് നല്ല ബോധ്യമായിരുന്നു. ദേശീയപുസ്തകോത്സവവേദിയിൽ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'ആർ.വിശ്വനാഥന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ' എന്ന പുസ്തകം ഡോ.എം.വി.നാരായണന് നൽകി പ്രകാശനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സിസ്റ്റർ ജെസ്മി അധ്യക്ഷത വഹിച്ചു. ഡോ.ടി.ബി.വേണുഗോപാലപ്പണിക്കർ, ഡോ.സി.രാജേന്ദ്രൻ, ഡേവിസ് കണ്ണമ്പുഴ എന്നിവർ സംസാരിച്ചു.

ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് പത്ത് ലോകക്ലാസിക്കുകളുടെ ഗ്രാഫിക് രൂപമായ 'ഇലസ്ട്രേറ്റഡ് ഗ്രാഫിക്സ്' എന്ന ഗ്രന്ഥം ഡോ.കെ.ശ്രീകുമാർ അനുജാത് സിന്ധു വിനയ്‌ലാലിന് നൽകി പ്രകാശനംചെയ്തു. ചാത്തനാത്ത് അച്യുതനുണ്ണി രചിച്ച 'വാമനാചാര്യന്റെ കാവ്യാലങ്കാര സൂത്രവൃത്തി: മൂലവും വിവർത്തനവും' എന്ന ഗ്രന്ഥം ഡോ.കെ.പി.മോഹനൻ എം.എൻ.വിനയകുമാറിന് നൽകി പ്രകാശനം നിർവഹിച്ചു. സാഹിത്യപ്രവർത്തകസഹകരണസംഘമാണ് പ്രസാധകർ. ഡോ.എസ്.കെ.വസന്തൻ അധ്യക്ഷനായി. സി.ആർ.ദാസ്, വിപിൻ എന്നിവരും സംസാരിച്ചു.

വൈകീട്ട് കണ്ണൂർ സംഘചേതനയുടെ നാടകം 'കോലം' അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി (06.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ 10ന് കഥാരചന, 10.30ന് അക്ഷരശ്ലോകസദസ്സ്, 11ന് ശൃംഗാരലഹരി : കല മതം സംസ്കാരം (പഠനം) പ്രകാശനം : എൻ.രാധാകൃഷ്ണൻനായർ, 2ന് അക്കാദമി ഓഡിറ്റോറിയത്തിൽ ഡോക്യുമെന്ററി പ്രദർശനം (വൈലോപ്പിള്ളി : ഒരു കാവ്യജീവിതം), സംവിധായകൻ പ്രിയനന്ദനനുമായി അഭിമുഖം. 3ന് പ്രൊഫ.എസ്.ഗുപ്തൻനായർ, ലളിതാംബിക അന്തർജനം എന്നിവരെ അനുസ്മരിക്കുന്നു, 4ന് ജനകീയദേശീയത (സെമിനാർ). ഉദ്ഘാടനം : സച്ചിദാനന്ദൻ. 6.30 നീനാവാരിയരുടെ കാവ്യാലാപനം. 7ന് തിരുനെൽവേലി കരിസാൽ കൃഷ്ണസ്വാമിയും സംഘവും അവതരിപ്പിക്കുന്ന തമിഴ് നാടോടിഗാനങ്ങളുടെ ആവിഷ്കാരം.